# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2225 26.03.2013 -ൽ മറുപടിക്ക്

<u>നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>ശ്രീ.പി.സി. ജോർജ് | ശ്രീ. കെ. എം. മാണി<br>(ധനകാര്യവും, നിയമവും, ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുതസ്ഥാപനത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്; വിശദാംശം നല്കുമോ; | (എ) ഉണ്ട്.<br>കെട്ടിട നിർമ്മാണ മേഖലയിൽ പരിശീലന ഗവേഷണത്തിനായി സ്ഥാപിച്ച ലാറി ബേക്കർ ഇന്റർനാഷണൽ സ്കൂൾ ഓഫ് ഹാബിറ്റാറ്റ് സ്റ്റഡീസ് (ലാബിഷാസ്)ന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനായി വാഴമുട്ടത്ത് ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണം, ഹരിതഭവനങ്ങളുടെ നിർമ്മാണ പരിശീലനം, ഹരിത ഭവനങ്ങളുടെ നിർമ്മാണ സാധനങ്ങളുടെ ഉത്പാദനശാലകൾ, ഹാബിറ്റാറ്റ് മ്യൂസിയം ആന്റ് ടെക്നോളജി പാർക്ക്, കെട്ടിട മേഖലയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ പരിശോധനാശാലകളുടെ നവീകരണം , സബ്സിഡി നിരക്കിൽ 4400 BPL ഗുണഭോക്താക്കൾക്ക് കലവറ വഴി നിർമ്മാണ സാമഗ്രികൾ നൽകുന്നതിനുള്ള നടപടി, നിലവിലുള്ള പ്രൊഡക്ഷൻ സെന്ററുകളുടെ നവീകരണം, നിർമ്മിതി ജീവനക്കാരുടെ |

| | | |
|---|---|---|
| | | കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം, ജയിൽവകുപ്പുമായി ചേർന്ന് മണൽ നിർമ്മാണ യൂണിറ്റ് മുതലായ പ്രവർത്തനങ്ങളാണ് സംസ്ഥാന നിർമ്മിതികേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് വേണ്ടി വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി)സർക്കാർതലത്തിലുള്ള നിർമ്മാണ പ്രവർത്തികൾ ഏറ്റെടുത്തു നടത്തുന്നതിന് നിർമ്മിതി കേന്ദ്രം എത്രത്തോളം സജ്ജമാണ്; വിശദാംശം നല്കാമോ; | (ബി) | കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം സർക്കാർ ഉത്തരവ് നം.408/2007/ഫിൻ തീയതി 07.09.2007 പ്രകാരമാണ് വർക്കുകൾ ഏറ്റെടുത്ത് നടത്തുന്നത്. സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ കീഴിൽ വിവിധ ജില്ലകളിലായി 14 റീജിയണൽ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഇവിടെ കോൺട്രാക്ട് വ്യവസ്ഥയിൽ ജോലിചെയ്യുന്ന സാങ്കേതിക ജീവനക്കാർ ഉൾപ്പെടെ 64 ജീവനക്കാർ ജോലിചെയ്യുന്നുണ്ട്. കെട്ടിട നിർമ്മാണ സാധനങ്ങൾ ഉല്പാദിപ്പിക്കുന്ന ഉല്പാദനശാലകൾ വിവിധ ജില്ലകളിൽ പ്രവർത്തിച്ചു വരുന്നത് കൂടാതെ കെട്ടിട നിർമ്മാണ സാധനങ്ങളുടെ ഗുണനിലവാരം പരിശോധിക്കുന്നതിനുള്ള പരിശോധനാശാലകളും പ്രവർത്തിച്ചു വരുന്നു. |
| (സി)പ്രസ്തുത സ്ഥാപനം നിലവിൽ ഏതെല്ലാം തരത്തിലുള്ള നിർമ്മാണങ്ങളാണ് എറ്റെടുത്തു നടത്തുന്നത്; | (സി) | സർക്കാർ, അർദ്ധ സർക്കാർ, സ്വകാര്യ മേഖലയിലെ കെട്ടിടങ്ങളുടെ നിർമ്മാണം, Housing Guidance, റോഡുകൾ, മഴവെള്ള സംഭരണി, disaster resistant houses മുതലായ തരത്തിലുള്ള നിർമ്മാണങ്ങളാണ് എറ്റെടുത്ത് നടത്തുന്നത്. |

| | |
|---|---|
| (ഡി)2013-14 ൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നു; വ്യക്തമാക്കാമോ? | (ഡി) കെട്ടിട . നിർമ്മാണ മേഖലയിൽ പരിശീലന ഗവേഷണത്തിനായി സ്ഥാപിച്ച ലാബിഷാസിന്റെ പ്രവർത്തനം കൂടുതൽ വിപുലീകരിക്കുന്നതിനായി വാഴ മുട്ടത്ത് ബിൽഡിംഗിന്റെ നിർമ്മാണം, ഹരിതഭവനങ്ങളുടെ നിർമ്മാണ പരിശീലനം, ഹരിത ഭവനങ്ങളുടെ നിർമ്മാണ സാധനങ്ങളുടെ ഉല്പാദന ശാലകൾ, ഹാബിറ്റാറ്റ് മ്യൂസിയം ആന്റ് ടെക്നോളജി പാർക്ക്, കെട്ടിട മേഖലയുമായി ബന്ധപ്പെട്ട പരിശീലന പരിപാടികൾ, കെട്ടിട നിർമ്മാണ സാമഗ്രികളുടെ പരിശോധനാശാലകളുടെ നവീകരണം, സബ്സിഡൈസ്ഡ് റേറ്റിൽ 4400 ബി.പി.എൽ ഗുണഭോക്താക്കൾക്ക് കലവറ വഴി നിർമ്മാണ സാമഗ്രികൾ നൽകുന്നതിനുള്ള നടപടി, നിലവിലുള്ള പ്രൊഡക്ഷൻ സെന്ററുകളുടെ നവീകരണം, നിർമ്മിതി ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനം, ജയിൽവകുപ്പുമായി സഹകരിച്ച് മണൽ നിർമ്മാണ യൂണിറ്റ് മുതലായ പ്രവർത്തനങ്ങളാണ് 2013-14 ൽ സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ